പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1516

13.07.2016 ൽ മറുപടിയ്ക്ക്

സപ്ലൈകോ വഴി മിതമായ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പുവഴി വിൽക്കുന്ന നോൺ മാവേലി ഇനങ്ങളിൽ പലതിനും മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സപ്ലൈകോ മുൻകാലങ്ങളിൽ നടത്തിയ അശാസ്ത്രീയമായതും ആക്ഷേപങ്ങൾ നിറഞ്ഞതുമായ പർച്ചേയ്സ് രീതികൾ പുന:പരിശോധിക്കുന്നതിനും , ന്യൂനതകൾ പരിഹരിച്ച് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) സർക്കാർ സ്ഥാപനമായ സപ്ലൈകോ വഴി വിറ്റഴിക്കുന്ന ഉൽപന്നങ്ങൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. എല്ലാ ബ്രാൻഡഡ് നോൺ മാവേലി സാധനങ്ങൾക്കും MRP യിൽ നിന്നും 5% മുതൽ 30% വരെ ഡിസ്കൗണ്ട് നിലവിൽ നൽകി വരുന്നുണ്ട്. സാധനങ്ങളുടെ ആവശ്യകത, പ്രതിമാസം വിൽപ്പന നടത്തുന്നതിന്റെ അളവ്, നിലവിലെ സ്റ്റോക്ക് എന്നിവ കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിലാണ് നിലവിൽ സപ്ലൈകോയിൽ ഉൽപന്നങ്ങൾ പർച്ചേസ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ